# Athmaraksha.org

അനുദിന പ്രാർത്ഥനകൾ

## വിദ്യാർത്ഥികൾക്കായുള്ള പ്രാർത്ഥന-Student




## വിദ്യാർത്ഥികൾക്കായുള്ള പ്രാർത്ഥന

എന്റെ ഹൃദയത്തിൽ വസിക്കുന്ന ത്രിത്വൈക ദൈവമേ, അങ്ങയെ ഞാൻ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങേക്കു നന്ദി പറയുകയും ചെയ്യുന്നു. എന്നെ തിന്മയിലേക്കു നയിക്കുന്ന എല്ലാ ആസക്തികളെയും, ചിന്തകളെയും, വികാരവിചാരങ്ങളെയും നിയന്ത്രിച്ച് മനസ്സിനെയും, ബുദ്ധിയെയും, യേശുവിന്റെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേ. എന്റെ മാതാപിതാക്കളേയും ഗുരുഭൂതരെയും സ്നേഹിക്കാനും, അനുസരിക്കാനും എന്നെ പഠിപ്പിക്കണമേ. ബോധജ്ഞാനത്തിന്റെയും  അറിവിന്റെയും ഉറവിടമായ ഈശോയെ, എന്നെ പൂർണ്ണമായി ഞാൻ സമർപ്പിക്കുന്നു. എന്റെ സഹായകനായ പരിശുദ്ധാത്മാവേ, പഠനകാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ എന്നെ സഹായിക്കണമേ, നേരായ ബുദ്ധി, ഓർമ്മ, അറിവ് എന്നിവയാൽ നിറച്ച്, പഠിക്കുന്ന കാര്യങ്ങൾ  ഓർമ്മിക്കുവാൻ അങ്ങ് എന്നെ സഹായിക്കണമേ. പരിശുദ്ധ അമ്മ വഴി ഞാൻ സമർപ്പിക്കുന്ന ഈ പ്രാർത്ഥന സ്വീകരിക്കണമേ. ആമ്മേൻ . യേശുവേ നന്ദി, യേശുവേ സ്തുതി, യേശുവേ സ്തോത്രം.

### തിരുവചനം

നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക. നിന്റെ പദ്ധതികൾ ഫലമണിയും(സുഭാഷിതങ്ങൾ 16:3). സ്വന്തം ബുദ്ധിയിൽ വിശ്വാസം അർപ്പിക്കുന്നവൻ ഭോഷനാണ്. ജ്ഞാനമാർഗ്ഗത്തിൽ  ചരിക്കുന്നവൻ സുരക്ഷിതനായിരിക്കും (സുഭാ 28:26).

മനുഷ്യന്റെ  ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം (റോമാ 9:16).

ദൈവം സോളമന്  അളവറ്റ ജ്ഞാനവും ഉൾക്കാഴ്ചയും കടൽത്തീരംപോലെ വിശാലമായ ഹൃദയവും പ്രദാനം ചെയ്തു (1 രാജാക്കന്മാർ 4:29).

എന്റെ ശരീരവും മനസും ക്ഷീണിച്ചു പോയേക്കാം, എന്നാൽ ദൈവമാണ് എന്റെ ബലം (സങ്കീർത്തനങ്ങൾ 73:26).

+++